# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5239** 15-11-2019-ൽ

മറുപടി നൽകേണ്ടത്

## കേന്ദ്ര കരട് നൈതിക നയം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | : | **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | വിദ്യാർത്ഥി പ്രവേശനം മുതൽ ഗവേഷണം വരെയുള്ള കാര്യങ്ങളിൽ വിദ്യാർത്ഥികളും സ്ഥാപനങ്ങളും പാലിക്കേണ്ട ധാർമ്മികമായ വഴികൾ കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് നൈതിക നയത്തിൽ പരാമർശിക്കുന്നുണ്ടോ; | എ) യും ബി) യും | 2018-ലെ യു.ജി.സി യുടെ Promotion of Academic Integrity and Plagiarism in Higher Education Institutions എന്ന കരട് നയ രേഖയിൽ ഗവേഷണ മേഖലയിലെ ഗുണനിലവാരവും, നൈതികതയും, സുതാര്യതയും ഉറപ്പുവരുത്തുന്നതിന് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവിധാനങ്ങൾ ഒരുക്കുവാനും, ഗവേഷകരെയും അദ്ധ്യാപകരെയും ഇതിനെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് ക്ലാസ്സുകളും, മറ്റ് പരിശീലന പരിപാടികളും സംഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും സർവ്വകലാശാല തലത്തിലുള്ള ഗവേഷണ സംബന്ധമായ നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നവയാണ്. പ്രസ്തുത നൈതിക നയത്തിന്റെ അന്തിമരേഖ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവനടപ്പിലാ ക്കുന്നത് സംബന്ധിച്ച തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളു. |
| ബി) | പ്രസ്തുത കാര്യങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ